ണിയൻ പ്രതിനിധികളുടെ ഒരു കമ്മിറ്റിയുണ്ടാക്കി ഷാപ്പുകളുടെ നടത്തിപ്പ് അവരെ ഏൽപ്പിച്ചുകൊടുക്കുന്നതിനുള്ള ശ്രമങ്ങളും നടന്നു വരുന്നു. എല്ലാ വിദേശ മദ്യഷാപ്പുകളും ലേലത്തിൽ പോയിട്ടുണ്ട്.

കിസ്ത് കുടിശ്ശിക

39 (308) ശ്രീ. കെ. സുധാകരൻ :

ശ്രീമതി ശോഭനാ ജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30.4.2000-ലെ കണക്കനുസരിച്ച് കിസ്ത് കുടിശ്ശികയിനത്തിൽ എന്തുതുക പിരിഞ്ഞുകിട്ടാനുണ്ട്;

(ബി) പ്രസ്തുത തീയതിയിൽ അൻപതിനായിരം രൂപയിൽ അധികം കുടിശ്ശികയുളളവർ ആരെല്ലാമാണെന്നും ഓരോരുത്തരും വരുത്തിയ കുടിശ്ശിക എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)ആന്റ്(ബി) വിവരം ശേഖരിച്ചുവരുന്നു.

വാഹന പരിശോധന

40 (312) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെക്ക് പോസ്റ്റുകൾ വഴിവരുന്ന നൂറുകണക്കിന് വാഹനങ്ങൾ തടഞ്ഞു നിർത്തി സ്പിരിറ്റാണോ മദ്യമാണോ വാഹനത്തിനുളളിലുളളതെന്ന് അറിയാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുളളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

കേരളത്തിലെ പ്രധാനപ്പെട്ട എക്സൈസ് ചെക്ക് പോസ്റ്റുകളിൽ ഒരോ എക്സൈസ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുളള സ്റ്റാഫിനെ വാഹനങ്ങൾ പരിശോധിക്കുന്നതിനായി നിയോഗിച്ചിട്ടുണ്ട് നൂറുകണക്കിന് വാഹനങ്ങൾ ഒരേ സയമം കടന്നുപോകുന്നതിനാൽ എല്ലാ വാഹനങ്ങളും പരിശോധിക്കുന്നതിന് സാധ്യമല്ലെങ്കിലും സംശയമുളളവയെ മാറ്റിനിർത്തി പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഈ പരിശോധന ഫലപ്രദവും കാര്യക്ഷമവുമായിട്ടാണ് നടന്നുവരുന്നത്.

മുൻസിപ്പാലിറ്റികളിൽ ബാർ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

41 (313) ശ്രീ. പി. വിശ്വൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകളില്ലാത്ത മുൻസിപ്പാലിറ്റികളിൽ ബാർ ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസ്റ്റ് പ്രാധാന്യമുളള കൊയിലാണ്ടി താലൂക്കിലെ കാപ്പാട്, കോട്ടയ്ക്കൽ, കൊയിലാണ്ടി ടൗൺ എന്നിവിടങ്ങളിൽ ബാർ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാർ ലൈസൻസ് അനുവദിക്കുന്നതിന് മുൻസിപ്പാലിറ്റികളെന്നോ പഞ്ചായത്തുകളെന്നോ വേർതിരിവില്ലാത്ത നിലവിലുള്ള വിദേശമദ്യച്ചട്ടം 13(3) പ്രകാരം ലൈസൻസ് അനുവദിക്കാവുന്നതാണ്.

(ബി) നിയമപ്രകാരമുള്ള അപേക്ഷ ലഭിച്ചാൽ ഈ കാര്യം പരിശോധിക്കുന്നതാണ്.

കള്ളുഷാപ്പുകളുടെ ലേലത്തുക

42 (314) ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം കള്ളുഷാപ്പുകളുടെ മൊത്തം ലേലത്തുക എത്രയായിരുന്നു;

(ബി) ഈ വർഷം കള്ളുഷാപ്പുകൾ മൊത്തം എന്തു തുകയ്ക്കാണ് ലേലത്തിൽ പോയത്;

(സി) കള്ളുഷാപ്പുകളുടെ ലേലത്തുക കൂടുവാനുള്ള കാരണമെന്ത്;

(ഡി) കഴിഞ്ഞ വർഷം ഇന്ത്യൻ നിർമ്മിത വിദേശമദ്യഷാപ്പുകൾ മൊത്തം എന്തു തുകയ്ക്കാണ് ലേലത്തിൽ പോയത്; ഈ വർഷം അവ എന്തു തുകയ്ക്കാണ് ലേലത്തിൽ പോയത്?

ഉത്തരം

(എ) 124,25,28,394 രൂപ.

(ബി) 146,44,07,079 രൂപ.

(സി) ചാരായ നിരോധനത്തെത്തുടർന്ന് കള്ളിന്റെ ഉപഭോഗത്തിലുണ്ടായ വർദ്ധനവും സാധാരണയുള്ള വാർഷിക വർദ്ധനവും കാരണം കള്ളുഷാപ്പുകളുടെ ലേലത്തുക വർദ്ധിച്ചു.

(ഡി) 1999-2000-112,13,85,136/ രൂപ.

2000-2001-122.95,97,13/രൂപ.

വർക്കലയിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്

43 (316) ശ്രീ. എ. അലി ഹസ്സൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് അനുവദിക്കുന്നകാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തിരമായി ഇതിലേയ്ക്കാവശ്യമായ ഉത്തരവ് നല്കുമോ;

(സി) എല്ലാ എക്സൈസ് റെയ്ഞ്ചാഫീസുകളിലും ടെലിഫോൺ സൗകര്യം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് ഈ തീരുമാനം നടപ്പാക്കിത്തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly